# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 159

30.11.2015-ൽ മറുപടിക്ക്

## ഹൗസിംഗ് പദ്ധതിക്ക് സെസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | പെട്രോൾ-ഡീസൽ വിലയോടൊപ്പം സംസ്ഥാന സർക്കാർ ഹൗസിംഗ് പദ്ധതിക്ക് പണം കണ്ടെത്തുന്നതിന് പ്രത്യേക സെസ് പിരിച്ചെടുക്കുന്നുണ്ടോ; | (എ) | ഹൗസിംഗ് പദ്ധതിയ്ക്കായി പെട്രോൾ ഡീസൽ എന്നിവയുടെ മേൽ പ്രത്യേക സെസ് ഈടാക്കുന്നില്ല. എന്നാൽ ഇവയുടെമേൽ ലിറ്ററിന് 1/- രൂപ നിരക്കിൽ അധിക വില്പന നികുതി ചുമത്തിയിട്ടുണ്ട്. 30.06.2015- ലെ ജി. ഒ. (എം.എസ്) നം. 112/15/TD ഉത്തരവ് പ്രകാരം അധിക വില്പന നികുതിയുടെ 50% കേരള റോഡ് ഫണ്ട് ബോർഡിനായി വിനിയോഗിക്കുവാൻ ഉത്തരവായിട്ടുണ്ട്. 31.10.2015 വരെ 254.44 കോടി രൂപ വരുമാനം ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | എത്ര ശതമാനം തുകയാണ് സെസ് ഇനത്തിൽ ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്നത്; ഏത് തീയതി മുതലാണ് സെസ് പിരിവ് നടത്തിയത്; ഈ വർഷം എന്തു തുക ഈ ഇനത്തിൽ പ്രതീക്ഷിക്കുന്നുണ്ട്; ഇതിനകം ലഭിച്ച തുക എത്ര; | (ബി) | 2015-16 സാമ്പത്തിക വർഷം അധിക വില്പന നികുതിയായി 375 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്. 01.04.2015 മുതലാണ് അധിക വില്പന നികുതി ഈടാക്കി വരുന്നത്. 31.10.2015 വരെ 254.44 കോടി രൂപ ഈ ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. |
| (സി) | സെസ് ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുകയിൽ നിന്ന് ഏതെല്ലാം ഹൗസിംഗ് പദ്ധതികൾക്ക് എത്ര രൂപ വീതം പിൻവലിക്കപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് വീട് നിർമ്മിച്ച് കൈമാറുകയുണ്ടായി; വിശദമാക്കുമോ? | (സി) | നിലവിലുള്ള ഹൗസിംഗ് പദ്ധതികൾക്ക് വേണ്ടി തുകയൊന്നും പിൻവലിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ